1.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- വിജിലൻസ്&ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധന റിപ്പോർട്ട് -കൊല്ലം ശക്തികുളങ്ങര സോണൽ ഓഫീസിലെ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.മുഹമ്മദ് ഫൈസലിനെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1269/2023/LSGD തീയതി,തിരുവനന്തപുരം, 19-06-2023

---

പരാമർശം:-
1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.4.2018 തീയതിയിലെ ഇ3-36537/17/കൊല്ലം നമ്പർ കത്ത്
2. 03.11.2018തീയതിയിലെ ഇയു2-364/2018-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറുടെ 03.04.2023 തീയതിയിലെ LSGD/PD/1939/2023-VIGA4 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം നഗരസഭയിലെ ശക്തികുളങ്ങര സോണൽ പരിധിയിലെ അനധികൃത ഇറച്ചിക്കടയിൽനിന്ന് പുറന്തള്ളുന്ന മാലിന്യങ്ങൾ പൊതുനിരത്തുകളിൽ വലിച്ചെറിയുന്നത് സംബന്ധിച്ച് പരാതിയിൽ വിജിലൻസ് നടത്തിയ അന്വേഷണറിപ്പോർട്ട് പ്രകാരം, ശക്തികുളങ്ങര സോണൽ പരിധിയിലുള്ള 14 കോഴിക്കടകളിൽ 5 എണ്ണം ലൈസൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിച്ചു വരുന്നതായും, ആയതിന് കോർപ്പറേഷൻ അധികാരികളുടെ ഭാഗത്ത് നിന്നും യാതൊരുവിധനടപടികളും ഉണ്ടായിട്ടില്ലായെന്നും, ആയത് ഇക്കാര്യത്തിൽ പരിശോധനനടത്താതിരുന്ന കൊല്ലം ശക്തികുളങ്ങര സോണൽ ഓഫീസിലെ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.മുഹമ്മദ് ഫൈസലിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായും കണ്ടെത്തിയിരുന്നു. അതിൻപ്രകാരം പ്രസ്തുത ക്രമക്കേടിന് ശ്രീ.മുഹമ്മദ് ഫൈസലിന് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.മുഹമ്മദ് ഫൈസൽ നൽകിയ വിശദീകരണം പ്രകാരം കൊല്ലം കോർപ്പറേഷനിലെ ശക്തികുളങ്ങര സോണൽ ആഫീസ് പരിധിയിൽ അനധികൃതമായി പ്രവർത്തിച്ച് വന്നിരുന്ന അഞ്ച് കോഴി കടകൾ കണ്ടെത്തുകയും അവയ്ക്ക് നിയമപരമായി ലൈസൻസ് എടുക്കുന്നതിന്റെ ഭാഗമായി 02/9/2017-ൽ ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. എന്നാൽ ലൈസൻസ് എടുക്കാത്തതിനാൽ 19/9/17-ൽ മൂന്ന് ദിവസത്തെ സമയം നൽകി ടി സ്ഥാപനങ്ങൾക്ക് വീണ്ടും നോട്ടിസ് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തുടർപരിശോധന നടത്തിയതിൽ ശ്രീ.രാജീവ് ലൈസൻസ്

എടുക്കുകയും ശ്രീ.ഗ്രീസസ്, ശ്രീ.ഗബ്രിയേൽ ജോർജ്, ശ്രീ.ഷറഫുദ്ദീൻ എന്നിവർ സ്ഥാപനം സ്വമേധയാ പൂട്ടുകയും ചെയ്തു. ശ്രീ.രാജൻ ജെയിംസിനെതിരെ മേൽ നടപടിക്ക് ശുപാർശ ചെയ്തിട്ടുള്ളതുമാണ്. ഈ കാലയളവിൽ 03.11.2017 മുതൽ 18.12.2017 വരെ ഹോട്ടൽ സ്ക്വാഡ് നടത്തിയതുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായിരുന്നു. തുടർന്ന് ചുമതലയേറ്റ ഹെൽത്ത് ഇൻസ്പെക്ടർ, ശ്രീ.രാജൻ ജെയിംസിന്റെ ഉടമസ്ഥതയിലുള്ള അനധികൃതമായി നടത്തിയിരുന്ന കോഴിക്കട അടച്ച് പൂട്ടുകയും ചെയ്തു. തീരദേശ പ്രദേശത്തെ വീടുകളിൽ സ്വന്തം ആവശ്യത്തിനായി നാലോ അഞ്ചോ കോഴികളെ വളർത്തുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. ടി ഉപഭോക്താക്കൾക്കെതിരെ വ്യവസായപരമായ ലൈസൻസ് നടപടികൾ സ്വീകരിക്കുക സാധ്യമല്ലാത്തത് കൊണ്ടാണ് നടപടികൾ കൈക്കൊള്ളാതിരുന്നത്. മനപൂർവ്വമല്ലാതെ സംഭവിച്ച കാലതാമസം മാപ്പാക്കി ശിക്ഷണ നടപടികൾ ഒഴിവാക്കി നൽകണമെന്നും ടിയാൻ അപേക്ഷിച്ചിരുന്നു.

3. ഇക്കാര്യത്തിൽ കൊല്ലം റീജിയണൽ ജോയിന്റ് ഡയറക്ടറുടെ അഭിപ്രായറിപ്പോർട്ട് പ്രകാരം, ശക്തികുളങ്ങര സോണൽ പരിധിയിൽ 14 കോഴിക്കടകൾ ഉണ്ടായിരുന്നതായും ഒൻപത് എണ്ണം ലൈസൻസോടെയും അഞ്ച് എണ്ണം ലൈസൻസ് ഇല്ലാതെയും പ്രവർത്തിച്ചിരുന്നതായും, ആയതിനെതിരെ ഹെൽത്ത് ഇൻസ്പെക്ടറുടെ മറുപടിയിൽ സൂചിപ്പിച്ച പ്രകാരം തുടർ നടപടികൾ സ്വീകരിച്ചതായും, നിലവിൽ ആരോപണ വിധേയമായ 5 കോഴിക്കടകളിൽ ഒരെണ്ണം ലൈസൻസ് എടുക്കുകയും 3 എണ്ണം നിർത്തൽ ചെയ്യുകയും ഒരെണ്ണം അടച്ച് പൂട്ടുകയും ചെയ്തിട്ടുളളതായും, നിലവിൽ മേൽ പ്രകാരമുള്ള വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നും, പരാതിക്കാസ്പദമായ വിഷയം പരിഹരിച്ചിട്ടുണ്ടെന്നും, എന്നാൽ ടിയാന്റെ കാലയളവിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു എന്നത് വ്യക്തമാണെന്നും ആയത് ടിയാന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

4. പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 3 റിപ്പോർട്ട് പ്രകാരം, ശ്രീ.മുഹമ്മദ് ഫൈസൽ ഹെൽത്ത് ഇൻസ്പെക്ടറായി സേവനമനുഷ്ഠിച്ചിരുന്ന പ്രസ്തുത കാലയളവിൽ കോഴി കടകൾ ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്നു എന്നത് വ്യക്തമാണ് എന്നും ആയത് ടിയാന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ് എന്നും നിലവിൽ പരാതിക്കാസ്പദമായ വിഷയം പരിഹരിച്ചിട്ടുണ്ട് എന്നുമുള്ള വിവരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുന്നു.

5. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോ, ശ്രീ.മുഹമ്മദ് ഫൈസൽ നൽകിയിട്ടുള്ള മറുപടി, കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടർ എന്നിവരുടെ റിപ്പോർട്ട് എന്നിവ പ്രകാരം വിശദമായി പരിശോധിച്ചതിൽ നഗരസഭാപരിധിയിൽ ലൈസൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിച്ചു വന്ന കോഴിക്കടകളിൽ പരിശോധന നടത്തിയില്ലായെന്ന ആരോപണത്തിൽ ശക്തികുളങ്ങര സോണൽ ഓഫീസിലെ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.മുഹമ്മദ് ഫൈസലിന്റെ ഭാഗത്തുനിന്നും മന:പൂർവ്വമല്ലാത്ത വീഴ്ചയുണ്ടായിട്ടുള്ളതായി കാണുന്നു. എന്നാൽ നിലവിൽ പരാതിക്കാസ്പദമായ വിഷയം പരിഹരിച്ചിട്ടുള്ളതാണ്.

6. മേൽ സാഹചര്യത്തിൽ കൊല്ലം നഗരസഭയിലെ ശക്തികുളങ്ങര സോണൽ ഓഫീസിലെ ജീവനക്കാരുടെ ക്രമക്കേടുകൾ സംബന്ധിച്ച പരാതിയിൽ വിജിലൻസ് നടത്തിയ പരിശോധനാ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ശക്തികുളങ്ങര സോണൽ ഓഫീസിലെ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.മുഹമ്മദ് ഫൈസലിനെതിരായി ആരംഭിച്ച അച്ചടക്കനടപടി മേലിൽ വീഴ്ചയുണ്ടാകാതിരിക്കുന്നതിന് ടിയാന് സെൻഷർ(ശാസന) നൽകിക്കൊണ്ട് അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ശ്രീ.മുഹമ്മദ് ഫൈസൽ, ഹെൽത്ത് ഇൻസ്പെക്ടർ, ശക്തികുളങ്ങര സോണൽ ഓഫീസ്, കൊല്ലം നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ്( 09.06.2023 തീയതിയിലെ VIG-F2/249/2023-VIG നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 19-06-2023 13:56:32
സെക്ഷൻ ഓഫീസർ